# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :26.12.2023

## പത്രക്കുറിപ്പ്

### പൊതു തെളിവെടുപ്പ് ജനുവരി 04ന്

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ താരിഫ് റഗുലേഷൻസ് 2021 ന്റെ രണ്ടാം ഭേദഗതി റഗുലേഷൻസ്, 2023ന്റെ കരട് വിജ്ഞാപനം കമ്മീഷന്റെ വെബ്സൈറ്റിൽ ഡിസംബർ 01, 2023ന് (www.erckera.org) പ്രസിദ്ധികരിച്ചിരുന്നു. ഇതു സംബന്ധിച്ചിട്ടുള്ള പൊതുതെളിവെടുപ്പ് 2024 ജനുവരി 04ന് കമ്മീഷന്റെ തിരുവനന്തപുര ത്തുള്ള കോർട്ട് ഹാളിൽ രാവിലെ 10:30 മണിക്ക് നടത്തുന്നു. പൊതുതെളിവെടുപ്പിൽ നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്തവർക്ക് വീഡിയോ കോൺഫറൻസ് മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്. വീഡിയോ കോൺഫറൻസ് മുഖാന്തിരം പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 2024 ജനുവരി 03ന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി, പേരും വിശദ വിവരങ്ങളും ഫോൺ നമ്പർ സഹിതം കമ്മീഷൻ സെക്രട്ടറിയെ kserc@erckerala.org എന്ന ഇ-മെയിൽ മുഖാന്തിരം അറിയിക്കണം. വിജ്ഞാപനത്തിന്മേൽ തപാൽ മുഖേ നയും ഇ-മെയിൽ (kserc@erckerala.org) മുഖേനയും പൊതുജനങ്ങൾക്ക് അഭിപ്രായ ങ്ങൾ രേഖപ്പെടുത്തുവാൻ 2023 ഡിസംബർ 19 വരെ സമയം നൽകിയിരുന്നു. പൊതുജന ങ്ങളുടെ ആവശ്യ പ്രകാരം തപാൽ / ഇ-മെയിൽ വഴിയുള്ള അഭിപ്രായങ്ങൾ രേഖപ്പെടു ത്തുവാനുള്ള അവസാന തീയതി കമ്മീഷൻ 2024 ജനുവരി 04ന് 05:00 മണിവരെ ദീർഘി പ്പിച്ചിരിക്കുന്നു. തപാൽ/ ഇ-മെയിൽ (kserc@erckerala.org) മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 2024 ജനുവരി 04ന്, 05:00 PM വരെ സ്വീകരിക്കുന്നതാണ്.

സെക്രട്ടറി